# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2499 | 08.05.2017 -ലെ മറുപടി

## വൻകിട-ചെറുകിട ജലസേചന പദ്ധതികളുടെ പൂർത്തീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | മാത്യു ടി തോമസ്<br>ജലവിഭവ വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പതിറ്റാണ്ടുകൾക്ക് മുൻപ് നിർമ്മാണം ആരംഭിച്ചതും എന്നാൽ നാളിതുവരെ പൂർത്തിയാകാത്തതുമായ എത്ര വൻകിട ജലസേചന പദ്ധതികൾ ഉണ്ട്; ഇതിനോരോന്നിനും നാളിതുവരെ എന്ത് തുക ചെലവഴിച്ചു; | എ) | 4 പദ്ധതികൾ ഉണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.<br>1) മൂവാറ്റുപുഴ ജലസേചന പദ്ധതി (940 കോടി രൂപ) (എസ്റ്റാബ്ലിഷ് മെന്റ് ആർ & ആർ കേസുകൾ, ചാർജ്ജുകൾ ഉൾപ്പടെ).<br>2) ഇടമലയാർ ജലസേചന പദ്ധതി (433 കോടി രൂപ).<br>3) കാരാപ്പുഴ(ഇടത്തരം ജലസേചന പദ്ധതി) (315 കോടി രൂപ).<br>4) ബാണാസുര സാഗർ (ഇടത്തരം ജലസേചന പദ്ധതി (54 കോടി രൂപ). |
| ബി) | പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിനായി എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതികൾ സംസ്ഥാനത്തിന് എത് രീതിയിൽ പ്രയോജനപ്രദമാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; | ബി) | പ്രസ്തുത പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനാവശ്യമായ ഉപായം രൂപവൽക്കരിക്കുന്നതിനും, സാങ്കേതിക പരിശോധനയ്ക്കുമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി പ്രവൃത്തികൾ വിലയിരുത്തുകയും ചെയ്തു വരുന്നുണ്ട്.<br>മൂവാറ്റുപുഴ ജലസേചന പദ്ധതി പൂർത്തിയാകുന്നതിലൂടെ എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകളിലെ 18173 ഹെക്ടർ സ്ഥലത്ത് രണ്ടു തവണ കൃഷിയ്ക്ക് ആവശ്യമായ വെള്ളം എത്തിയ്ക്കാൻ സാധിയ്ക്കുന്നതാണ്. ഇടമലയാർ ജലസേചന പദ്ധതി പൂർത്തിയാകുന്നതോടു കൂടി എറണാകുളം ജില്ലയിലെ ആലുവ, പറവൂർ താലൂക്കുകളിലും തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കുകളിലുമായി 14394 |

| | | | |
|---|---|---|---|
| | | | ഹെക്ടർ പ്രദേശത്ത് രണ്ടു തവണ കൃഷിയ്ക്ക് ആവശ്യമായ വെള്ളം എത്തിയ്ക്കാൻ സാധിയ്ക്കുന്നതാണ്. നിലവിൽ 591 .48 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തി വരുന്ന കാരാപ്പുഴ പദ്ധതി പൂർത്തിയായാൽ 5221 ഹെക്ടർ സ്ഥലത്ത് ജലസേചനം സാധ്യമാവും. ബാണാസുര സാഗർ പദ്ധതി പൂർത്തീകരിച്ചാൽ 2800 ഹെക്ടർ സ്ഥലത്ത് ജലസേചനം സാധ്യമാകും.<br>പൂർത്തിയാകാത്ത പദ്ധതികളുടെ അവസ്ഥ വിലയിരുത്തുന്നതിനും അധിക തുക മുടക്കുന്നത് പ്രയോജനകരമല്ലെങ്കിൽ ആയത് ഉപേക്ഷിക്കുന്നതിനും ഏറ്റവും കുറച്ചു തുക മുടക്കി പൂർത്തീകരിക്കുവാൻ പറ്റുന്നവ കണ്ടെത്തുന്നതിനും, എളുപ്പത്തിൽ പൂർത്തിയാക്കാൻ പറ്റുന്നവ കണ്ടെത്തുന്നതിനുമായി ഒരു ടെക്നിക്കൽ കമ്മറ്റിയെ നിയോഗിക്കാൻ 12/04/2017-ലെ പ്ലാനിംഗ് ബോർഡ് യോഗം തീരുമാനിക്കുകയുണ്ടായി. |
| സി) | സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന മറ്റ് ചെറുകിട പദ്ധതികൾ മുഴുവൻ ഇത്തരത്തിൽ പ്രയോജനപ്രദമാക്കുന്നതിന് ഒരു ബൃഹദ് പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ? | സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ